June 2014

Reg. No.: ..................

Name: ..................

6002

(For Scheme I & Scheme II Candidates)

# Second Year Higher Secondary SAY/Improvement Examination

Part – II

മലയാളം

## MALAYALAM

Maximum : 80 Scores

Time : 2½ Hours

Cool off time : 15 Minutes

**നിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിന് പുറമെ **15** മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും. ഈ സമയത്ത് ചോദ്യങ്ങൾക്ക് ഉത്തരം എഴുതാനോ, മറ്റുള്ളവരുമായി ആശയ വിനിമയം നടത്താനോ പാടില്ല.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
- ഒരു ചോദ്യനമ്പർ ഉത്തരമെഴുതാൻ തെരഞ്ഞെടുത്തു കഴിഞ്ഞാൽ ഉപചോദ്യങ്ങളും അതേ ചോദ്യ നമ്പരിൽ നിന്ന് തന്നെ തെരഞ്ഞെടുക്കേണ്ടതാണ്.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

1. പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.

"എന്റെ ഊരിനെ
വേനൽക്കാലങ്ങളിൽ
വെയിൽ നനയ്ക്കുന്നു.
മഴക്കാലത്തു ചാറ്റൽ നനയ്ക്കുന്നു.
തണുപ്പു കാലത്ത് മഞ്ഞു തുള്ളികൾ നനയ്ക്കുന്നു.
ചിലപ്പോൾ സന്തോഷവും
മറ്റു ചിലപ്പോൾ ശോകവും
വേറെ ചിലപ്പോൾ വീരവും
ഭയവും നനയ്ക്കുന്നു.
എന്നാൽ പണ്ടില്ലാത്ത വിധം
ഊരിനെയാകെ ചോര നനയ്ക്കുന്നു ഇപ്പോൾ
അകാലങ്ങളിൽ, അസമയങ്ങളിൽ"

(ആറ്റൂർ രവിവർമ്മ – അകാലാവസ്ഥ)

"വിശ്വന്റെ കാലിനെ ചൂടുള്ള എന്തോ വന്നു നനച്ചു : ചോര"

(കൊമാല)

കവിത മുന്നോട്ടു വയ്ക്കുന്ന സമകാലാവസ്ഥയെ കൊമാല എന്ന കഥ പ്രതിരോധിക്കുന്നതെങ്ങനെയെന്ന് വിശകലനം ചെയ്ത് പ്രതികരണക്കുറിപ്പ് തയ്യാറാക്കുക. (നേരപ്പുറം – 8 സ്കോർ)

2. വിലയിരുത്തൽ കുറിപ്പ് തയ്യാറാക്കുക.

''ചലച്ചിത്രത്തിന് ഒരു സ്വപ്നത്തിന്റെ ഘടനയാണുള്ളത്. ഓർമകളെയും സ്വപ്നങ്ങളെയും എഡിറ്റ് ചെയ്താണ് സ്വപ്നമുണ്ടാക്കുന്നത്. ചത്തതിന്റെയും കൊതിച്ചതിന്റെയും നുറുങ്ങുകൾ ഒട്ടിച്ച് അത് പട്ടം പറപ്പിക്കുന്നു. സ്ഥലം, കാലം എന്നീ മുടിഞ്ഞ പരിമിതികളെ മറികടക്കുന്നു. അർത്ഥത്തെ വാക്കിൽ നിന്ന് ബിംബങ്ങളിലേക്ക് തിരിച്ചുകൊണ്ടു വരുന്നു.''

(എം. എൻ. വിജയൻ)

ഈ പ്രസ്താവന പഥേർ പാഞ്ചാലി എന്ന സിനിമക്ക് എത്രമാത്രം യോജിക്കുന്നു – വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക. **(ഒരു പുറം – 6 സ്കോർ)**

3. താരതമ്യക്കുറിപ്പ് തയ്യാറാക്കുക.

തയ്യൽക്കാരനോടു ശിഷ്യൻ ചോദിച്ചു.
ഗുരോ സ്വാതന്ത്ര്യം എന്ത് ? ...........
.............................................
തയ്യൽക്കാരൻ പറഞ്ഞു –
വിശക്കുന്നവനു ഭക്ഷണവും
ദാഹിക്കുന്നവനു വെള്ളവും
തണുക്കുന്നവനു പുതപ്പും
തളരുന്നവനു കിടപ്പും
സ്വാതന്ത്ര്യമല്ലോ ! ..............
........................
എന്നാൽ,
തുന്നാത്തവന്റെ കിനാക്കാഴ്ച കെടും
തുന്നൽ സൂചിയുടെ കൂർത്ത വെളിവിൽ
സ്വാതന്ത്ര്യമുണ്ട്.
അതു വിതച്ചവനു മാത്രമുള്ള വിളവ്
വിയർത്തവനു മാത്രമുള്ള അപ്പം
തുന്നിയവനു മാത്രമുള്ള കുപ്പായം
ഇപ്രകാരം ഗുരു തയ്യൽ തുടർന്നു.
ശിഷ്യൻ ശങ്ക വിട്ട് സൂചിയിൽ നൂൽ കോർക്കാൻ തുടങ്ങി'' – ഈ കവിതാ ഭാഗവും തിരസ്കാരം എന്ന കവിതയും മുന്നോട്ടു വയ്ക്കുന്ന സ്വാതന്ത്ര്യ സങ്കല്പം താരതമ്യം ചെയ്ത് കുറിപ്പു തയ്യാറാക്കുക. **(ഒന്നരപ്പുറം – 8 സ്കോർ)**

4. കുറിപ്പ് തയ്യാറാക്കുക.

''ജാതി വിശ്വാസ ശീലങ്ങൾ മാറുമ്പോൾ നമ്മളാദ്യമായ് –
മനുഷ്യനെ മനുഷ്യനായ് കാണുമാരോഗ്യമാർന്നിടും
നരന്റെ ഗുണദോഷങ്ങൾ മഹത്വാല്പത്തരങ്ങളും
അവന്റെ ജാതി നോക്കാതെ കണ്ടിടും ജാതിപോയവർ –
എത്ര ബുദ്ധി വളർന്നാലും എത്ര വിദ്യ പഠിക്കിലും
ജാതി പോകാതെയാ സിദ്ധി കൈ വന്നീടില്ലൊരുത്തനും.''

(ജാതി ചികിത്സാ സംഗ്രഹം – സഹോദരൻ അയ്യപ്പൻ)

''എല്ലാം വിടർന്നു പരിമളം തൂവട്ടെ –
യെല്ലാം ചിതറട്ടെ വർണശോഭ
എല്ലാ മിതളുകൾ നീട്ടി വലിപ്പമാർ –
ന്നുല്ലാഘ ഭാവമിയന്നിടട്ടെ'. (ദുരവസ്ഥ – കുമാരനാശാൻ)

ഒരു ജാതി ഒരുമതം ഒരു ദൈവം മനുഷ്യന് എന്ന് ഉദ്ബോധിപ്പിച്ച ശ്രീനാരായണ ഗുരുവിന്റെ മാനവിക ചിന്തയുടെ പ്രതിഫലനമാണീ കവിതാ ഭാഗങ്ങൾ – ഈ കവിതകൾ മുന്നോട്ടു വയ്ക്കുന്ന ആശയങ്ങളാണോ ഇന്നത്തെ കേരളീയ സമൂഹത്തെ നയിക്കുന്നത് – കുറിപ്പ് തയ്യാറാക്കുക. **(ഒന്നരപ്പുറം – 8 സ്കോർ)**

5. സെമിനാർ പ്രബന്ധം തയ്യാറാക്കുക.

'സ്ത്രീത്വം നേരിടുന്ന വെല്ലുവിളികൾ' എന്ന വിഷയത്തെയാസ്പദമാക്കി നടത്തുന്ന സെമിനാറിൽ അവതരിപ്പിക്കാനായി സെമിനാർ പ്രബന്ധം തയ്യാറാക്കുക.

സൂചനകൾ

- തൊഴിലിടങ്ങളിലെ സ്ത്രീ
- മാധ്യമങ്ങളിലെ സ്ത്രീ
- വിദ്യാഭ്യാസവും സ്ത്രീകളും
- സ്ത്രീ ഉപഭോഗ വസ്തു
- പെൺകുട്ടികളും അവകാശങ്ങളും **(ഒന്നരപ്പുറം – 8 സ്കോർ)**

6. പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.

ചുവടെ കാണുന്ന വാർത്തയോടു പ്രതികരിച്ചുകൊണ്ട് മലയാളത്തിൽ കുറിപ്പു തയ്യാറാക്കുക.

London : An average American generated 29.8 kg of hitech trash in 2012-six times higher than China's percapita figure of 5.4 kg. The UN's first e-waste world map released on Saturday says that almost 48.9 million metric tonnes of used electrical and electronic products was produced last year an average of 7 kg for each of the world's 7 billion people..........

.............The most worrying trend involves developing countries becoming fertile dumping grounds of e-waste for developed nations.

(trash – മാലിന്യം) **(അരപ്പുറം – 6 സ്കോർ)**

7. പോസ്റ്റർ വാചകങ്ങൾ തയ്യാറാക്കുക.

ബാല വേല തടയുന്നതിന്റെ ഭാഗമായി സർക്കാർ നടത്തുന്ന പ്രചരണ പ്രവർത്തനങ്ങൾക്കായി പുറത്തിറക്കുന്ന പോസ്റ്ററിലേക്ക് രണ്ടു പരസ്യ വാചകങ്ങൾ തയ്യാറാക്കുക.

**(സ്കോർ : 4)**

8. വിശകലനക്കുറിപ്പ് തയ്യാറാക്കുക.

"കണ്ണടയെവിടെ ?
ഈ കുട്ടികളുടെ ഒരു കുസൃതി.
ഊന്നുവടി കാണില്ല.
ഗ്രന്ഥം കാണില്ല.
ചെല്ലം കാണില്ല.
ഒന്നു കണ്ണടയ്ക്കുമ്പോഴാണ്
ഉണ്ണികളുടെ ഈ തമാശ.
എൺപത്തൊൻപതു കഴിയാറായി.
എണ്ണം തെറ്റുന്നു.
എല്ലാം മറക്കുന്നില്ല.
എന്തോ തെളിയുന്നു".

(എ. അയ്യപ്പൻ – വെളുപ്പിൽ നിന്നൊരു കറുപ്പ്)

ഈ കവിതാ ഭാഗവും, വെള്ളസോക്സിട്ട മുടിനാരുകൾ എന്ന പാഠഭാഗവും വിശകലനം ചെയ്ത് വാർധക്യം എന്ന അവസ്ഥയെക്കുറിച്ച് കുറിപ്പു തയ്യാറാക്കുക.

(ഒന്നരപ്പുറം – 8 സ്കോർ)

9. കുറിപ്പ് തയ്യാറാക്കുക.

ഹിഗ്വിറ്റ എന്ന ശീർഷകം കഥാഗതിക്കെത്രമാത്രം ഇണങ്ങുന്നു എന്ന് വിശകലനം ചെയ്ത് കുറിപ്പു തയ്യാറാക്കുക.

(അരപ്പുറം – 4 സ്കോർ)

10. വിശകലനക്കുറിപ്പ് തയ്യാറാക്കുക.

"അനുഭവങ്ങളുടെ വൻകരയെ മലയാളത്തിലേക്കാനയിച്ച എഴുത്തുകാരനാണ് ബഷീർ". ബഷീർ ദ മാൻ എന്ന ഡോക്കുമെന്ററിയെയാസ്പദമാക്കി ഈ പ്രസ്താവന വിശകലനം ചെയ്ത് കുറിപ്പു തയ്യാറാക്കുക.

(ഒരു പുറം – 6 സ്കോർ)

11. വിലയിരുത്തൽ കുറിപ്പ് തയ്യാറാക്കുക.

"വലിയവരുടെ നുണകളാണ് കുഞ്ഞുങ്ങളുടെ ജീവിതത്തെ വികലമാക്കുന്നത്"
"വലിയവർ നുണകൊണ്ട് സ്നേഹത്തെ ചീത്തയാക്കും"
"കല്ലു വച്ച നുണകൾ മുതിർന്നവരുടെ ലോകവും കുഞ്ഞുങ്ങളുടെ ലോകവും തമ്മിലുള്ള സംവാദമാണ്" – ഈ പ്രസ്താവനകളുടെ പശ്ചാത്തലത്തിൽ കല്ലുവച്ച നുണകൾ എന്ന കഥ വിലയിരുത്തി കുറിപ്പു തയ്യാറാക്കുക.

(ഒരു പുറം – 6 സ്കോർ)

12. ആസ്വാദനം തയ്യാറാക്കുക.

ചുവടെ കാണുന്ന കവിതയ്ക്ക് ഒരു ആസ്വാദനം തയ്യാറാക്കുക.

**നിർഭയ**

"മലയിടിച്ചു വരുന്ന യന്ത്രത്തിന്റെ
വഴിയിൽ നില്ക്കുന്നു കൊച്ചുതുമ്പച്ചെടി
നെറുകയിൽ മഴമുത്തുകൾ ചൂടിയോൾ
വെളുവെളെപ്പൂക്കൾ വാരിച്ചമഞ്ഞവൾ
അവളെ മൂളിക്കളിച്ചു ചുഴലുന്നു
വെയിൽ കുടിച്ചു മിനുത്ത ചിറകുകൾ
ഇരുളിൽ നോവാതെ ചേർന്നുറങ്ങുന്ന പോ –
ലൊരു കുരുന്നുശലഭം ! ചിരിക്കുന്ന
പുലരി, കാറ്റുകൾ, പൂങ്കിളിപ്പാട്ടുകൾ !!
മലയിടിച്ചു വരുന്ന യന്ത്രത്തിന്റെ –
വഴിയിൽ നില്ക്കുന്നു കൊച്ചുതുമ്പച്ചെടി."

(ഒന്നരപ്പുറം – 8 സ്കോർ)